REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-09-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- PV അൻവറിന്റെ ആരോപണങ്ങൾ സംസ്ഥാന ഗവൺമെന്റിനെയും LDF നെയും അപമാനിക്കാനാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഉന്നയിച്ച ആരോപണങ്ങളിൽ പ്രത്യാഘാതം ഭയക്കുന്നില്ലെന്ന് PV അൻവർ MLA.
- ഇന്ന് ലോക ടൂറിസം ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന ദിനാഘോഷചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പങ്കെടുക്കും.
- തൃശ്ശൂരിലെ ATM കൾ കൊള്ളയടിച്ച പ്രതികൾ തമിഴ്നാട്ടിലെ നാമക്കല്ലിൽ പിടിയിലായി.
- കാൺപൂരിൽ ഇന്ത്യ-ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് പുരോഗമിക്കുന്നു.

## വാർത്തകൾ വിശദമായി

PV അൻവറിന്റെ ആരോപണങ്ങൾ സംസ്ഥാന ഗവൺമെന്റിനെയും LDF നെയും അപമാനിക്കാനാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാർട്ടിക്കും ഗവൺമെന്റിനും എതിരായ അൻവറിന്റെ അഭിപ്രായങ്ങൾ തള്ളിക്കളയുന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു. LDF ന്റെ ശത്രുക്കൾ ഉന്നയിക്കുന്ന ആരോപണങ്ങൾ അൻവർ ഏറ്റെടുത്തിരിക്കുകയാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

എന്നാൽ അദ്ദേഹം നേരത്തെ ഉന്നയിച്ച വിഷയങ്ങളിൽ അന്വേഷണം തുടരുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നേരത്തെ സംശയിച്ചതുപോലെത്തന്നെയാണ് അൻവറിന്റെ തുടർ

ആരോപണങ്ങളെന്നും, അതിന്റെ ഭാഗമായാണ് LDF ൽ നിന്നും വിട്ടുനിൽക്കാനെടുത്ത തീരുമാനമെന്നും പിണറായി വിജയൻ വിലയിരുത്തി. കൂടുതൽ കാര്യങ്ങൾ വരുംദിവസങ്ങളിൽ വിശദീകരിക്കുമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

ഉന്നയിച്ച ആരോപണങ്ങളിൽ പ്രത്യാഘാതം ഭയക്കുന്നില്ലെന്ന് PV അൻവർ MLA അറിയിച്ചു. കക്കാടംപൊയിൽ പാർക്കിന്റെ കാര്യത്തിൽ ഗവൺമെന്റ് തന്നെ വഞ്ചിച്ചെന്നും അൻവർ നിലമ്പൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മലപ്പുറത്തെ ഡാൻസാഫിനെതിരെ കോടതിയെ സമീപിക്കുമെന്നും അൻവർ അറിയിച്ചു. ഗവൺമെന്റിന്റെ ഒരാനുകൂല്യവും ഇതുവരെ പറ്റിയിട്ടില്ലെന്നും, അതേസമയം തന്നെ കൊള്ളക്കാരനായി ചിത്രീകരിക്കുകയാണെന്നും അൻവർ കുറ്റപ്പെടുത്തി.

✪✪✪

P V അൻവർ ഇടതുപക്ഷ രാഷ്ട്രീയ നിലപാടിൽ നിന്ന് മാറുന്നു എന്നാണ് വാർത്തകളിൽ നിന്ന് മനസ്സിലാകുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. അൻവറിന്റെ പ്രസ്താവന വിശദമായി പരിശോധിച്ച് പാർട്ടി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി.

✪✪✪

അൻവറിന്റേത് ഗുരുതരമായ വഴിതെറ്റലാണെന്നും അദ്ദേഹം വലതുപക്ഷത്തിന്റെ നാവായി മാറിയിരിക്കുകയാണെന്നും CPIM നേതാവ് P ജയരാജൻ കണ്ണൂരിൽ പറഞ്ഞു. RSS ന് സഹായകരമായ രീതിയിലാണ് അൻവറിന്റെ പ്രതികരണങ്ങളെന്നും, അതിനു പിന്നിൽ ഗൂഢാലോചനയുണ്ടോ എന്ന് സംശയിക്കുന്നതായും ജയരാജൻ അഭിപ്രായപ്പെട്ടു.

P. ശശിക്കെതിരെ ഒരു തെളിവുമില്ലാതെയാണ് ആക്ഷേപം ഉന്നയിക്കുന്നതെന്നും, ഒരു പാർട്ടി പ്രവർത്തകന്റെയും പിന്തുണ P.Vഅൻവറിനില്ലെന്നും ജയരാജൻ വ്യക്തമാക്കി.

✪✪✪

PV അൻവറിനെ തിരുത്തേണ്ടത് അദ്ദേഹത്തെ MLA യാക്കിയ നേതാക്കളാണെന്ന് മുൻമന്ത്രി G സുധാകരൻ അഭിപ്രായപ്പെട്ടു. അൻവറിന്റെ ആരോപണങ്ങൾ CPIM നെ ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇടതുപക്ഷ MLA യാകാൻ അയോഗ്യനാണ് PV അൻവറെന്ന് CPIM മലപ്പുറം ജില്ലാസെക്രട്ടറി EN മോഹൻദാസ് പറഞ്ഞു. അൻവറിന്റെ ഒരു നാവിനെതിരെ പാർട്ടിയുടെ ലക്ഷക്കണക്കിന് നാവുകളുണ്ടെന്ന് അൻവർ ഓർമ്മിക്കണം. സ്വർണക്കടത്തുകാരെയും കാരിയർമാരെയും സംരക്ഷിക്കാനാണ് അൻവർ ആരോപണവുമായി രംഗത്തെത്തിയിരിക്കുന്നതെന്നും, ജില്ലാസെക്രട്ടറി മലപ്പുറത്ത് കുറ്റപ്പെടുത്തി.

അൻവറിന്റെ ആരോപണങ്ങൾ ദുരുദ്ദേശപരമാണെന്ന് CPIM കേന്ദ്രകമ്മിറ്റിയംഗം PK ശ്രീമതിയും പ്രതികരിച്ചു.

✪✪✪

PV അൻവറിന്റെ ആരോപണങ്ങൾ ഗൂഢാലോചനയുടെ ഭാഗമാണെന്ന് മുതിർന്ന CPIM നേതാവ് A.K ബാലൻ പറഞ്ഞു. പാർട്ടി സമ്മേളനങ്ങളിലെ ചർച്ച മുഖ്യമന്ത്രിക്ക് എതിരാക്കാനാണ് പ്രതിപക്ഷവുമായി ചേർന്ന് അൻവർ ശ്രമിക്കുന്നതെന്ന്, അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. കേരളത്തിൽ UDF ഉം BJP യും നേരത്തെ ഉയർത്തിയ ആരോപണമാണ് അൻവർ ഇപ്പോൾ ഉന്നയിക്കുന്നത്. ആരോപണങ്ങളിൽ ഉറച്ചു നിൽക്കുന്നുണ്ടെങ്കിൽ ഗവൺമെന്റിനൊപ്പം നിൽക്കാനാണ് അൻവർ ശ്രമിക്കേണ്ടതെന്നും AK ബാലൻ പറഞ്ഞു.

✪✪✪

PV അൻവർ MLA യുടെ ഇപ്പോഴത്തെ നിലപാട് നിലമ്പൂരിലെ വോട്ടർമാർക്കെതിരാണെന്ന് മന്ത്രി Vശിവൻകുട്ടി പറഞ്ഞു. ഇടതുപക്ഷത്തിന്റെ വോട്ട് നേടി വിജയിച്ച അൻവർ, പാർട്ടി അണികളുടെ ക്ഷമ പരീക്ഷിക്കുകയാണെന്ന് മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു. മുഖ്യമന്ത്രി പിണറായി വിജയന് പതിറ്റാണ്ടുകളുടെ സംശുദ്ധ രാഷ്ട്രീയ പാരമ്പര്യമുണ്ടെന്നും അൻവർ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ, അടിസ്ഥാനരഹിതമാണെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

LDF ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ ധാർമിക അവകാശമില്ലെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. PV അൻവർ MLA യുടെ ആരോപണങ്ങൾ ഗൗരവത്തോടെ കാണണം. അൻവറിന്റെ പ്രസ്താവനകൾ അപകീർത്തികരമെങ്കിൽ ഗവൺമെന്റ് എന്തുകൊണ്ടാണ് നിയമ നടപടിയെടുക്കാത്തതെന്ന് സുരേന്ദ്രൻ കോഴിക്കോട്ട് ചോദിച്ചു.

✪✪✪

M-പോക്സ് രോഗബാധയെക്കുറിച്ച് സമൂഹങ്ങളെ ബോധവത്കരിക്കുന്നതിന് ഉചിതമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു. പരിശോധനയ്ക്കായി ലബോറട്ടറികളുടെ പട്ടികയും കേന്ദ്രം നൽകി. ആരോഗ്യ കേന്ദ്രങ്ങളിലെ പൊതുജനാരോഗ്യ തയ്യാറെടുപ്പ് വിലയിരുത്താൻ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആശുപത്രികളിൽ ഐസൊലേഷൻ സൗകര്യങ്ങൾ ഉറപ്പുവരുത്താനും കേന്ദ്രം നിർദേശിച്ചു.

✪✪✪

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നടപ്പുവർഷത്തെ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റികൾ രൂപീകരിച്ചു. വിദേശകാര്യമടക്കം നാല് കമ്മിറ്റികളുടെ അധ്യക്ഷ സ്ഥാനം കോൺഗ്രസ്സിന് നൽകിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക ടൂറിസം ദിനം . വിനോദസഞ്ചാര രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഓരോ രാജ്യത്തെയും സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം ആചരിക്കുന്നത്. വികസനവും, ആഗോള ഐക്യവും വളർത്തുന്നതിൽ വിനോദ സഞ്ചാരം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. 'ടൂറിസവും സമാധാനവും' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ന്യൂഡൽഹിയിൽ ദിനാഘോഷ ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പങ്കെടുക്കും. ഈ അവസരത്തിൽ മികച്ച ടൂറിസം വില്ലേജ് അവാർഡ് ജേതാക്കളെ മന്ത്രാലയം പ്രഖ്യാപിക്കും.

✪✪✪

തൃശ്ശൂരിലെ ATM കൾ കൊള്ളയടിച്ച പ്രതികൾ തമിഴ്നാട്ടിലെ നാമക്കല്ലിൽ പിടിയിലായി. ഹരിയാന സ്വദേശികളായ അഞ്ച് പേരാണ് സംഘത്തിലുണ്ടായിരുന്നത്. പോലീസും കൊള്ളസംഘവും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരാൾ മരിച്ചതായാണ് സൂചന. കണ്ടെയ്നറിൽ രക്ഷപെടാൻ ശ്രമിക്കുന്നതിനിടയിലാണ് സംഘത്തെ പൊലീസ് പിടിച്ചത്. കണ്ടെയ്നറിനുള്ളിൽ നിന്ന് സംഘത്തിന്റെ കാറും കണ്ടെത്തി. ഇന്ന് പുലർച്ചെയായിരുന്നു മോഷണം.

തൃശ്ശൂരിലെ മൂന്ന് ATM കളിൽ നിന്ന് 65 ലക്ഷം രൂപയാണ് സംഘം കൊള്ളയടിച്ചത്. മാപ്രാണം ബ്ലോക്ക് ജംഗ്ഷൻ, തൃശ്ശൂർ നഗരത്തിലെ നായ്ക്കനാൽ ഷൊർണൂർ റോഡ്, കോലഴി എന്നിവിടങ്ങളിലെ ATM കൾ തകർത്താണ് പണം മോഷ്ടിച്ചത് .

✪✪✪

രാജ്യത്തെ മാരിടൈം മേഖലയിലെ പ്രധാന ഹബ്ബാകുന്ന സംസ്ഥാനമായി കേരളം വളരുകയാണെന്ന് മന്ത്രി P രാജീവ് പറഞ്ഞു. ഇതിന്റെ ഭാഗമായാണ് കപ്പൽനിർമ്മാണത്തിന്റേയും അറ്റകുറ്റപണികളുടേയും ക്ലസ്റ്റർ പ്രഖ്യാപിച്ചതെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. വലിയ കപ്പലുകൾ ഉൾപ്പെടെ നിർമ്മിക്കുന്നതിനും, അറ്റകുറ്റപ്പണികൾക്കും വിവിധ സേവനങ്ങൾ നൽകാൻ ഒരേസമയം ഈ ക്ലസ്റ്ററിന് സാധിക്കുമെന്ന് P രാജീവ് അറിയിച്ചു.

✪✪✪

കേരള ട്രാവൽ മാർട്ടിന്റെ ബിസിനസ് സെഷനുകൾ കൊച്ചി വെല്ലിങ്ടൺ ഐലൻഡിലെ സാഗര സമുദ്രിക കൺവെൻഷൻ സെൻററിൽ ആരംഭിച്ചു. 76 രാജ്യങ്ങളിലെ വിദേശ ബയർമാരാണ് ട്രാവൽ മാർട്ടിൽ പങ്കെടുക്കുന്നത്. ആഭ്യന്തര ബയർമാരിൽ 578 പേർ മഹാരാഷ്ട്രയിൽ നിന്നും 340 പേർ ഡൽഹിയിൽ നിന്നുമാണ്.

ഇന്നും നാളെയും വാണിജ്യ കൂടിക്കാഴ്ചകൾ, സെമിനാറുകൾ എന്നിവ നടക്കും. ഞായറാഴ്ച പൊതുജനങ്ങൾക്ക് സൗജന്യ പ്രവേശനം അനുവദിക്കും.

✪✪✪

അന്തരിച്ച മുൻ ഉദുമ MLA യും മുൻ K P C C. ജനറൽ സെക്രട്ടറിയുമായ KP .കുഞ്ഞിക്കണ്ണന്റ മൃതദേഹം കണ്ണൂർ പയ്യന്നൂർ അന്നൂരിലെ മൂരി കൊവ്വൽ ശാന്തി സ്ഥല ശ്മശാനത്തിൽ സംസ്കരിച്ചു. രാവിലെ പയ്യന്നൂരിലെ വീട്ടിൽ പൊതുദർശനത്തിന് വെച്ച മുതദേഹത്തിൽ നിരവധി ആളുകൾ അന്തിമോപചാരമർപ്പിച്ചു.

✪✪✪

കാൺപൂരിൽ ഇന്ത്യ-ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ബംഗ്ലാദേശ് 2 വിക്കറ്റ് നഷ്ടത്തിൽ 73 റൺസ് എടുത്തിട്ടുണ്ട്.

ടോസ് നേടിയ ഇന്ത്യ ബംഗ്ലാദേശിനെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

✪✪✪

പുതുച്ചേരിയിൽ അണ്ടർ 19 ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഓസ്ട്രേലിയയെ ഏഴ് റൺസിന് തോൽപ്പിച്ചു. മൂന്ന് മത്സരങ്ങളുടെ പരമ്പര സ്വന്തമാക്കി. ആദ്യം ബാറ്റു ചെയ്ത ഇന്ത്യ എട്ടു വിക്കറ്റിന് 324 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ അൻപത് ഓവറിൽ ഏഴു വിക്കറ്റിന് 317 റൺസ് എടുത്തു.

✪✪✪

**ISSF ജൂനിയർ വേൾഡ് ചാമ്പ്യൻഷിപ്പ് ഇന്ന് ആരംഭിക്കും. പെറുവിൽ ലിമയിലെ, ലാസ് പാൽമാസ് ഷൂട്ടിംഗ് റേഞ്ചിലെ മത്സരത്തിൽ 61 അംഗ ഇന്ത്യൻ ഷൂട്ടിംഗ് ടീം മത്സരിക്കും. അണ്ടർ 21 പ്രായ വിഭാഗത്തിൽ പിസ്റ്റൾ, റൈഫിൾ, ഷോട്ട്ഗൺ ഇനങ്ങളിലാണ് ഇന്ത്യൻ താരങ്ങൾ മാറ്റുരയ്ക്കുന്നത്.**

✪✪✪

**ISL ഫുട്ബാളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ SC , ഗോവയെ നേരിടും. വൈകീട്ട് 7.30ന് കൊൽക്കത്തയിലാണ് മത്സരം.**

**ഇന്നലെ ചെന്നെയിൽ മുഹമ്മദൻ SC, ചെന്നെയിൻ FC യെ മറുപടിയില്ലാത്ത ഒരുഗോളിന് പരാജയപ്പെടുത്തി.**

✪✪✪

**തപസ്യ കലാ സാഹിത്യ വേദിയുടെ പതിനാലാമത് സഞ്ജയൻ പുരസ്ക്കാരം വൈകീട്ട് കോഴിക്കോട്ട് ചരിത്രകാരൻ ഡോ. MGS നാരായണന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള സമ്മാനിക്കും. അൻപതിനായിരം രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം .**

✪✪✪

**ഒക്ടോബർ ഒന്നിന് പണമിടപാടുകൾ വൈകുമെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു. ഒക്ടോബർ ഒന്നിന് ഏജൻസി ബാങ്കുകളിൽ നിന്നും പണം ലഭ്യമായതിനുശേഷം മാത്രമേ പെൻഷൻ/സേവിംഗ്സ് ബാങ്ക് എന്നിവ വഴി പണമിടപാടുകൾ ഉണ്ടാവൂ എന്ന് അറിയിപ്പിൽ പറയുന്നു.**

✪✪✪

**കർണ്ണാടകയിലെ ഷിരൂരിൽ തെരച്ചിലിൽ കണ്ടെത്തിയ അർജുന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നത് സംബന്ധിച്ച് ഇന്ന് തീരുമാനമുണ്ടായേക്കും. DNA പരിശോധന ഫലം ഇന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനു ശേഷം മൃതദ്ദേഹം നാട്ടിലെത്തിക്കാൻ എല്ലാ സഹായവും നൽകുമെന്ന് കർണ്ണാടക ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.**

✪✪✪

**കോഴിക്കോട് ജില്ലയിൽ കോൺഗ്രസ് തിരിച്ചുവരവിന്റെ പാതയിലാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു PV ശങ്കരനാരായണൻ പുരസ്കാരം NK അബ്ദുറഹിമാന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു പ്രതിപക്ഷ നേതാവ്.**

✪✪✪

**P.ഭാസ്ക്കരന്റെ ജൻമ ശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയം നടത്തിവരുന്ന കണ്ണീരും സ്വപ്നങ്ങളും എന്ന പ്രതിമാസ പ്രഭാഷണ**

പരമ്പര ഇന്ന് ഉച്ചയ്ക്ക് ശേഷം കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ നടക്കും. P.ഭാസ്ക്കരൻ --കവിതയിലെ ഗാനാത്മകത,ഗാനത്തിലെ കാവ്യാത്മകത എന്ന വിഷയത്തിൽ കാവ്യ നിരൂപകൻ വിജു നായരങ്ങാടിയും , സംഗീത നിരൂപകൻ E.ജയകൃഷ്ണനും സംസാരിക്കും. ജവഹർ ലൈബ്രറിയുമായി ചേർന്നാണ് പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു വരുന്നത്.

✪✪✪

മറയൂർ, കാന്തല്ലൂർ ജനവാസമേഖലകളിൽ കാട്ടാന ശല്യം രൂക്ഷമായതോടെ കാട്ടാനകളെ തുരത്താൻ വനംവകുപ്പ് നടപടി ആരംഭിച്ചു. വനാതിർത്തികളിൽ സംരക്ഷണവേലി സ്ഥാപിക്കുകയും, വനത്തിനകത്ത് മൃഗങ്ങൾക്ക് തീറ്റയും കുടിവെള്ളസൗകര്യവും ഉറപ്പാക്കുകയും ചെയ്യും. വനാതിർത്തികളിൽ കാട്ടാനകളെ പ്രതിരോധിക്കാൻ വാച്ചർമാരെ നിയമിക്കും. സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികളും ഉടനടി നടത്തുമെന്നും വനം വകുപ്പധികൃതർ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ മഴ കനക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ശക്തമായ മഴസാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪